LIBRARY ARCHIVES Kerala Legislative Assembly

ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച ധനസഹായം

13(5593) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന ധനസഹായം സമയബന്ധിതമായി കൊടുത്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്ന ധനസഹായം സമയബന്ധിതമായി കൊടുത്തുതീർക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സർക്കാർ ഓഫീസുകളിലെ കൈക്കൂലി

14(5594) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഓഫീസുകളിൽ കൈക്കൂലി വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈക്കൂലിക്കേസിൽ എത്ര ഉദ്യോഗസ്ഥർ പിടിക്കപ്പെട്ടു ; വർഷാടിസ്ഥാനത്തിൽ ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) എല്ലാ സർക്കാർ ഓഫീസിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈക്കൂലി ആരോപണവുമായി ബന്ധപ്പെട്ട് പിടിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ എണ്ണം വർഷാടി സ്ഥാനത്തിൽ ജില്ലതിരിച്ച് അനുബന്ധമായി ചേർക്കുന്നു.*

(സി) സെക്രട്ടേറിയറ്റിലെ പ്രധാന ഇടങ്ങളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. സർക്കാർ ഓഫീസുകളിൽ ഇത്തരം ക്യാമറകൾ സ്ഥാപിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

വിദ്യാഭ്യാസ വായ്പയ്ക്ക് പലിശ ഇളവ്

15(5595) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ വായ്പ എടുക്കുന്നവർക്ക് ഏതെല്ലാം വിധത്തിലുള്ള ഇളവുകളാണ് ലഭ്യമാകുന്നത് :

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.